IV. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ കള്ളുചെത്തു വ്യവസായത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കള്ളുചെത്ത് വ്യവസായത്തിലെ തൊഴിലാളികളുടെ വിവിധ സംഘടനകൾ അവരുടെ സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ വ്യവസായത്തിന്റെ സംരക്ഷണവും, തൊഴിലിന്റെ സംരക്ഷണവും മുൻനിർത്തി സെക്രട്ടേറിയറ്റ് പടിക്കൽ ഇന്ന് സമരം നടത്തുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്ന മദ്യനയം കള്ളുചെത്ത് വ്യവസായത്തിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വത്തെയും നാടിന്റെ താൽപ്പര്യത്തെയും പ്രതികൂലമായി ബാധിച്ചിരിക്കുന്നു. മദ്യമാഫിയകളുടെ ശൃംഖല വ്യാപിപ്പിക്കുന്നതിനും വ്യാജമദ്യവിൽപ്പന നിയന്ത്രണാതീതമാക്കുന്നതിനുമാണ് മദ്യനയം ഇടവരുത്തിയത്. തൊഴിലാളികളുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കാനും നാടിനുകൂടി സ്വീകാര്യമായ നയം ആവിഷ്ക്കരിക്കാനും ഗവൺമെന്റ് തയ്യാറാകണം. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കള്ളുചെത്ത് വ്യവസായത്തിന്റെ പുനഃസംഘടനയ്ക്കും തൊഴിൽ സംരക്ഷണത്തിനും അടിസ്ഥാനമായ നയം ആവിഷ്ക്കരിക്കാൻ കഴിയണം. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ഞാൻ ഇവിടെ വ്യക്തമാക്കാം. "വീര്യം കൂടിയ മദ്യത്തിന്റെ ഉപഭോഗത്തിൽ നിന്നും താരതമ്യേന നിർദ്ദോഷമായ കള്ളിന്റെ ഉപഭോഗത്തിലേക്ക് ആളുകളെ തിരിച്ചുകൊണ്ടുവരുന്നതിന് കഴിയണമെന്നും കള്ളുഷാപ്പുകൾ വെടിപ്പും വൃത്തിയുമുള്ള ഫർണിഷ്ഡ് സ്ഥലങ്ങളിൽ ആക്കണമെന്നും സർക്കാർ ഉടമസ്ഥതയിൽ ക്രമേണ ഷോപ്പുകൾ നിർമ്മിച്ചു നൽകണമെന്നും ഉദയഭാനു കമ്മീഷൻ ശുപാർശ ചെയ്യുന്നു. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ ശുപാർശകൾക്ക് വിരുദ്ധമായി കള്ളുഷാപ്പുകൾ വൻതോതിൽ നിർത്തൽ ചെയ്യുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1610 കള്ളുഷാപ്പുകൾ നിർത്തലാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 106 വിദേശ മദ്യഷാപ്പുകൾ ഈ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ഇത് തികച്ചും ഉദയഭാനു കമ്മീഷന്റെ ശുപാർശയ്ക്ക് വിരുദ്ധമായിട്ടുള്ള സമീപനമാണ്. പുതിയ ബാർ ലൈസൻസ് നൽകിയ ഈ നയം കള്ളുചെത്ത് വ്യവസായത്തിലെ തൊഴിലാളികളുടെ തൊഴിൽ വൻതോതിൽ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ഈ ഒരു അവസ്ഥ തുടരുന്ന സന്ദർഭത്തിൽ തന്നെയാണ് പുതിയ ബാദ്ധ്യത കള്ളുഷാപ്പുകൾക്ക് ഉണ്ടാക്കുന്നത്. നേരത്തെ ചാരായനിരോധനത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ കള്ളുഷാപ്പുകളിൽ നിശ്ചയിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം കൊടുക്കുകയുണ്ടായി. കള്ളുചെത്ത് വ്യവസായത്തിന്റെ യഥാർത്ഥ നില പരിഗണിക്കാതെയും ആ വ്യവസായത്തിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കാതെയും പ്രായോഗികമല്ലാത്ത നിലപാടാണ് ഈ പ്രശ്നത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കള്ളുഷാപ്പുകളിൽ തൊഴിലാളികളുടെ എണ്ണം കുട്ടാൻ ഇടവരുത്തുകയുണ്ടായി. ഇത് വ്യവസായത്തിനു താങ്ങാൻ കഴിയാത്ത സ്ഥിതിയാണ് വരുത്തിത്തീർത്തിരിക്കുന്നത്. തൊഴിലാളികളുടെ കൂലിയേയും ആനുകൂല്യങ്ങളേയും ഈ ഒരു നിലപാട് സാരമായി ബാധിക്കുകയും ചെയ്തു. ഈ ഒരു അവസ്ഥയിൽ നിർത്തലാക്കിയിട്ടുള്ള കള്ളുഷാപ്പുകൾ പൂർണ്ണമായും പുനഃസ്ഥാപിക്കണം. കള്ളുഷാപ്പുകളുടെ നിലനിൽപ്പിനെ ബാധിക്കുന്ന ഒന്നാണ് ദൂരപരിധി നിയമം. നിലവിൽ വീര്യം കൂടിയ വിദേശ മദ്യഷോപ്പിന്റെ ദൂരപരിധി 200 മീറ്ററാണ്. വീര്യം കുറഞ്ഞ കള്ള്ഷാപ്പിന്റെ ദൂരപരിധി 400 മീറ്ററാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി നേരത്തെ ചെയറിൽ ഉണ്ടായിരുന്ന സന്ദർഭത്തിൽ ഈ പ്രശ്നത്തോട് ഒരു പ്രതികരണം നടത്തിയത് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഈ ഒരാപകത നിലനിർത്തേണ്ടതില്ല എന്നുള്ളതാണത് ആ നിലയിൽ ഇത് പരിശോധിക്കേണ്ടതാണ് എന്ന ഒരു പരാമർശം അദ്ദേഹം ബഹുമാനപ്പെട്ട ചെയറിൽ ഇരിക്കുന്ന സന്ദർഭത്തിൽ ഇവിടെ നടത്തിയതു പരിഗണിച്ചുകൊണ്ട് ഈ കാര്യത്തിൽ പ്രായോഗികമായ നിലപാട് എക്സൈസ് വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. വിദേശ മദ്യഷാപ്പുകൾക്കു നൽകുന്ന പരിഗണനയെങ്കിലും കള്ളുഷാപ്പുകൾക്ക് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഷാപ്പുകളുടെ ലൈസൻസ് ഫീ ശാസ്ത്രീയമായി പുനർനിർണ്ണയം ചെയ്യണം. വ്യവസായത്തിന് താങ്ങാൻ കഴിയാവുന്നവിധമാകണം ഫീസ് നിർണ്ണയിക്കേണ്ടത്. വ്യവസായത്തിന്റെ നില ഓരോ പ്രദേശത്തും വ്യത്യസ്തമാണ്. ഷാപ്പുകളുടെ എണ്ണം കുറച്ച് നടപ്പിലാക്കിയ പരിഷ്ക്കരണം നിരവധി ഷാപ്പുകൾ ലാഭകരമല്ലാതാക്കി. ഒറ്റ ഒറ്റ ഷാപ്പുകൾ ലൈസൻസിന് നൽകുക എന്ന നിലപാട് നിരവധി ഷാപ്പുകൾ ഏറ്റെടുക്കാൻ ആളില്ലാത്ത സ്ഥിതി സൃഷ്ടിച്ചു. പല ഷാപ്പുകളും തൊഴിലാളികളുടെ കമ്മിറ്റി ഏറ്റെടുക്കേണ്ടി വന്നു. എല്ലാ ഷാപ്പുകളും ലൈസൻസിൽ പോകാൻ ഉറപ്പ് ഉണ്ടാകണമെങ്കിൽ റെയിഞ്ച്/താലൂക്ക് അടിസ്ഥാനത്തിൽ ഷാപ്പുകൾ നൽകുന്നതിനും നടത്തുന്നതിനും സംവിധാനം ഉണ്ടാകണം. ഷാപ്പുകൾ നടത്തുന്നതിനും കാലാവധി ഒരുവർഷം എന്നത് പരിഷ്ക്കരിച്ച് കൂടുതൽ വർഷത്തേക്ക് നൽകുന്നതിനും നടപടി വേണം. ഷാപ്പു നടത്തിപ്പിന് തൊഴിലാളികൾ അംഗങ്ങളായ സഹകരണ സംഘങ്ങൾക്കോ, തൊഴിലാളികളുടെ കമ്മിറ്റികൾക്കോ മുൻഗണന നൽകണം. വ്യാജമദ്യ വിൽപ്പന തടയാൻ എക്സൈസ് ഡിപ്പാർട്ടുമെന്റിനെ സഹായിക്കത്തക്ക നിലയിൽ സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ ഉപദേശക സമിതികൾ റെയിഞ്ച്/ജില്ല/ സംസ്ഥാന തലത്തിൽ രൂപീകരിക്കണം. അംഗീകൃത ഷാപ്പുകളിൽ വ്യാജ മദ്യവും കൃത്രിമ കള്ളും വിൽക്കാൻ അവസരം നൽകരുത്. എക്സൈസ് സേനയെ ശക്തിപ്പെടുത്തുകയും, നവീകരിക്കുകയും ചെയ്യണം. എക്സൈസ് സേനയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

വാഹനവും ആയുധവും വാർത്താവീനിമയ സൗകര്യവും നൽകണം. തൊഴിൽ സംരക്ഷണത്തെ മുൻനിർത്തി, കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ സമരത്തെ തുടർന്ന്, തൊഴിലാളികൾക്ക് എതിരെ എടുത്ത അബ്കാരി കേസുകളും ക്രിമിനൽ കേസുകളും റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമെന്ന് മുൻ എക്സൈസ് വകുപ്പുമന്ത്രി തൊഴിലാളി സംഘടനകൾക്ക് ഉറപ്പ് നൽകിയിട്ടുള്ളതാണ്. അത്തരം കേസ്സുകൾ പിൻവലിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. കള്ളുചെത്ത് വ്യവസായം പുനഃസംഘടിപ്പിക്കുകയും നവീകരിക്കുകയും ചെയ്താൽ ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ കഴിയും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച കള്ളുചെത്ത് വ്യവസായ പുനഃസംഘടനാ കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കണം. തൊഴിലാളി സംഘടനകളെ വിശ്വാസത്തിലെടുത്ത് അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കുറ്റമറ്റ മദ്യനയം ആവിഷ്കരിക്കാൻ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഈ സംസ്ഥാനത്ത് ആകെ 5972 കള്ളുഷാപ്പുകൾ ഉണ്ടായിരുന്നു. എ. കെ. ആന്റണി ഗവൺമെന്റ് ഈ സംസ്ഥാനത്ത് ഘട്ടം ഘട്ടമായി മദ്യനിരോധനം കൊണ്ടുവരണമെന്ന ഒരു നയം സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അത് 4000 ആയി കുറഞ്ഞു. എങ്കിലും പല കാരണങ്ങളാലും തൊഴിലാളി സംഘടനകളുടെ നിർബന്ധത്തിനെല്ലാം വഴങ്ങി 362 ഷാപ്പുകൾ കൂടി പിന്നീട് സ്ഥാപിച്ചു. കള്ളുഷാപ്പുകളിൽ പണിയെടുക്കുന്ന തൊഴിലാളികളോട് വലിയ അനുകമ്പയുള്ള ഒരു ഗവൺമെന്റാണിത്. വ്യക്തിപരമായി പറയുകയാണെങ്കിൽ ഞാനും വളരെയധികം അനുകമ്പയുള്ള ഒരു വ്യക്തിയാണ്. പക്ഷെ പ്രശ്നങ്ങൾ കണ്ടില്ല എന്നു നടിക്കാൻ സാദ്ധ്യമല്ല. ദൂരപരിധി പോലും നോക്കാതെ കള്ളുഷാപ്പുകൾ അനുവദിക്കണമെന്നു പറഞ്ഞാൽ, ഉള്ള കള്ളുഷാപ്പുകൾ തന്നെ പൂട്ടണം എന്ന് പറഞ്ഞ് പ്രാദേശികമായി സമരങ്ങൾ നടക്കുന്നു. ഇത് മാറ്റണം അല്ലെങ്കിൽ നിർത്തണം എന്നെല്ലാം പല സ്ഥലങ്ങളിൽ നിന്നും നിവേദനങ്ങൾ വരാറുണ്ട്, എം.എൽ.എ.-മാരുടെ കത്തുകൾ വരാറുണ്ട്, മന്ത്രിമാരുടെ കത്തുകൾ വരാറുണ്ട്. ഇങ്ങനെ ഒരു ഭാഗത്തുനിന്ന് നിവേദനങ്ങൾ വരുമ്പോൾ ദൂരപരിധി പോലും നോക്കാതെ ധാരാളം കള്ളുഷാപ്പുകൾ തുടങ്ങണം എന്നുപറയുന്നതിനോട് പൂർണ്ണമായും നയപരമായി യോജിക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് ലേലമെല്ലാം നിർത്തി ലൈസൻസ് നൽകാൻ തീരുമാനിച്ചു. അതുകൊണ്ട് അതിന്റേതായ പ്രയോജനമുണ്ടായി. ആകെയുള്ള 4362-ൽ 4128 ഷാപ്പുകൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കിസ്ത് ഇനത്തിലും മറ്റും സർക്കാരിന് ഭീമമായ തുകയാണ് നഷ്ടപ്പെട്ടിട്ടുള്ളത്. എങ്കിലും ഇത് കള്ളച്ചാരായവും മറ്റും വിൽക്കുന്ന ഒരു സ്ഥാപനമായി മാറരുത് എന്ന ഉദ്ദേശത്തോടുകൂടിയാണ് അത്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ മാസം ഞാൻ തൊഴിലാളി സംഘടനകളെയെല്ലാം വിളിച്ചിരുന്നു, അവരുടെ ആവശ്യം റെയിഞ്ച് അടിസ്ഥാനത്തിൽ ഇത് ചെയ്യണം എന്നുള്ളതാണ്. പക്ഷെ അവരുടെ നിർദ്ദേശം പൂർണ്ണമായി അംഗീകരിക്കാൻ ഞാൻ തയ്യാറല്ല. റെയിഞ്ച് അടിസ്ഥാനത്തിൽ ഇത് കോൺട്രാക്ടർമാർക്ക് നൽകിയാൽ കോൺട്രാക്ടർമാർ കള്ളച്ചാരായം കൊണ്ടുവന്ന് വിറ്റ് ദുരന്തത്തിലേക്ക് എത്തിക്കുമോ എന്ന് ഭയമുള്ളതുകൊണ്ടാണ് തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിട്ടുപോലും ഞാൻ അത് പൂർണ്ണമായി ഉൾക്കൊള്ളാത്തത്. ഇതെല്ലാം കുറച്ചുകൂടി വിശദമായി പരിശോധിക്കുന്നതാണ്. ഇപ്പോൾ 1114 ഷാപ്പുകൾ നാമമാത്രമായ 500 രൂപ ഫീസ് നൽകി തൊഴിലാളി സംഘടനകൾ നടത്തുന്നുണ്ട്. ഈ തൊഴിലാളി സംഘടനകൾ അവരുടെ വെൽഫെയർ ഫണ്ടിന്റെ അഡ്വാൻസ് കൊടുക്കുന്നില്ല, മിനിമം കൂലി നൽകുന്നില്ല. തെങ്ങ് കരം നൽകുന്നില്ല. ഇതൊന്നും നൽകാതെയാണ് നടത്തുന്നത് തൊഴിലാളി സംഘടനകൾക്ക് കൊടുത്തതിന്റെ ഫലമാണിതൊക്കെ. അപ്പോൾ ഇതെല്ലാം നമുക്ക് ചർച്ച ചെയ്യണം.

സർ, എന്നെ സംബന്ധിച്ചിടത്തോളം വളരെ തുറന്ന ഒരു സമീപനമാണ് ഇക്കാര്യത്തിലുള്ളത്. കള്ള് പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കണം എന്ന് പറഞ്ഞ്, നല്ല കള്ള് നൽകണം എന്ന ഉദയഭാനു കമ്മിഷന്റെ റിപ്പോർട്ടെല്ലാം ഇവിടെ വായിക്കുകയുണ്ടായി. നിങ്ങൾ പലപ്പോഴും ഇരട്ടത്താപ്പ് നയം എടുക്കുന്നതാണ് ബുദ്ധിമുട്ട്. 1971-ൽ ഞാൻ ആദ്യമായി തൊഴിൽവകുപ്പ് മന്ത്രിയായിരുന്നപ്പോൾ ഉണ്ടായിരുന്ന ഒരു നിവേദനം നല്ല കള്ള് ടിന്നിലടച്ച് വിതരണം ചെയ്യണം അത് തൊഴിലാളികൾക്ക് കൂടുതൽ പണി ലഭ്യമാക്കും എന്നുള്ളതായിരുന്നു. പക്ഷേ, ഇപ്പോൾ എക്സൈസ് വകുപ്പുമന്ത്രി എന്ന രീതിയിൽ ശുദ്ധമായ കള്ള്, ഫെർമെന്റ് ചെയ്യാത്ത കള്ള് ടിന്നിലടച്ച് വിൽക്കാൻ ഏതെങ്കിലും ഒരു മദ്യരാജാവിനെ ഏൽപ്പിക്കാതെ ഗവൺമെന്റ് തന്നെ ബിവറേജസ് കോർപ്പറേഷനെക്കൊണ്ട് ചെയ്യിക്കാൻ ഒരു തീരുമാനം എടുത്തപ്പോൾ അതിനെയെല്ലാം നിങ്ങൾ എതിർത്തു. അത് എന്തിനാണെന്ന് എനിക്ക് തീരെ മനസ്സിലായില്ല. എങ്ങനെയാണ് അത് കള്ളുവ്യവസായത്തെ നശിപ്പിക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ല. ഇങ്ങനെ ഒരു ആരോപണം എനിക്കെതിരായി വന്നതാണ്. കള്ളുവ്യവസായത്തെ നശിപ്പിക്കുമെന്ന്. എന്നിട്ട് രഹസ്യമായിട്ട് വന്ന് പറയുകയാണ്, അത് നമുക്ക് ചെയ്യാം എന്ന്. ഈ ഇരട്ടത്താപ്പ് ശരിയല്ല. അതുകൊണ്ടാണ് നിറുത്തിയത്. ശുദ്ധമായ തെങ്ങിൻകള്ള് ടിന്നിലടച്ച് ഇൻഡ്യ മുഴുവനും വിറ്റിരുന്നു എങ്കിൽ എത്രമാത്രം ചെത്തുതൊഴിലാളികൾക്ക് പണി കിട്ടുമായിരുന്നു. എന്തുകൊണ്ട് നിങ്ങൾ എതിർത്തു? എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഓരോ ഇഷ്യൂവിലേയ്ക്കും ഞാൻ കടക്കുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം തുറന്ന മനസ്സാണുള്ളത്. വ്യവസായത്തോട് അനുകമ്പയുണ്ട്. അതിൽ പണിയെടുക്കുന്ന തൊഴിലാളികളോട് അനുകമ്പയുണ്ട്. അതുകൊണ്ട് ഞാൻ തൊഴിലാളികളെ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

വച്ചുകൊണ്ട് ഒരു ചർച്ച നടത്തിയെങ്കിലും അവരുടെ നിർദ്ദേശങ്ങളോട് പൂർണ്ണമായും യോജിക്കാൻ കഴിയാത്തതുകൊണ്ട് തൊഴിലാളികളുടേയും വിവിധ കക്ഷി നേതാക്കളുടേയും ഒന്നിച്ചുള്ള ഒരു യോഗം ഈ അസംബ്ലി ബ്രേക്കിൽത്തന്നെ വിളിക്കാൻ തയ്യാറാണ്. എന്നിട്ട് പുതിയ അബ്കാരി നയത്തിന് രൂപം കൊടുക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ പ്രശ്നങ്ങളും ആ മീറ്റിംഗിൽ ചർച്ച ചെയ്യുന്നതാണ്. കോൺസൻസസ് അനുകൂലമാണെങ്കിൽ അത് ചെയ്യാൻ പൂർണ്ണമായും ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി കള്ളുചെത്ത് തൊഴിലാളികളുടെ പ്രശ്നം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പറയുകയുണ്ടായി. അത്തരം ഒരു നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നു എങ്കിൽ നിറുത്തലാക്കിയ കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കാനുള്ള പ്രഖ്യാപനമാണ് നടത്തേണ്ടത്. യഥാർത്ഥത്തിൽ തൊഴിലാളികളുടെ ജോലി വലിയ പ്രതിസന്ധിയിൽ ആയിരിക്കുകയാണ്. ഉദയഭാനു കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിക്കുമെന്ന് പറയുമ്പോൾത്തന്നെ വിദേശ മദ്യഷാപ്പുകളുടെ എണ്ണം വൻതോതിൽ വർദ്ധിപ്പിക്കുക; അതേ സന്ദർഭത്തിൽ കള്ളുഷാപ്പുകളുടെ എണ്ണം കുറയ്ക്കുക. എന്ത് ന്യായീകരണമാണ് ഈ പ്രശ്നത്തിൽ ഉണ്ടായതെന്ന് മനസ്സിലാകുന്നില്ല. ഈയൊരു നിലപാടാണെങ്കിൽ, തൊഴിലാളികളുടെ താൽപര്യത്തിനുവേണ്ടിയാണ് നിൽക്കുന്നതെങ്കിൽ നിറുത്തലാക്കിയ കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുമെന്നുള്ള ഒരു പ്രഖ്യാപനമെങ്കിലും നടത്താൻ തയ്യാറാകുമോ? മാത്രമല്ല, 2005-2006-ലെ മദ്യനയത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് അവസാന തീരുമാനം എടുക്കുമ്പോൾ തൊഴിലാളി സംഘടനകളുടെ അഭിപ്രായംകൂടി പരിഗണിച്ച് ഒരു അഭിപ്രായസമന്വയം ഉണ്ടാക്കിക്കൊണ്ട് മാത്രമേ പുതിയ മദ്യനയം പ്രഖ്യാപിക്കുകയുള്ളൂ എന്നുള്ള ഒരു നിലപാട് സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ: അതു തന്നെയാണ് ഞാൻ പറഞ്ഞത്. വിവിധ തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായും വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമായും ഒരു സംയുക്തയോഗം വിളിക്കണം. കാരണം, തൊഴിലാളികൾ പലപ്പോഴും അവരുടെ താൽപര്യം മാത്രമേ നോക്കാറുള്ളൂ. അത് പൊതുജനങ്ങൾക്ക് പൂർണ്ണമായും സ്വീകാര്യമാകണമെന്നില്ല. രാഷ്ട്രീയപാർട്ടികളും തൊഴിലാളി നേതാക്കളും ഒന്നിച്ചുള്ള ഒരു സംയുക്തയോഗം വിളിച്ച് അതിൽ വരുന്ന പൊതുഅഭിപ്രായം മാനിച്ചുകൊണ്ടുള്ള ഒരു നയം ആയിരിക്കും സ്വീകരിക്കുന്നത്. പുനഃസംഘടിപ്പിക്കണം എന്നുവച്ചാൽ ഇത് മുഴുവനും കഴിയില്ല. ഒരു നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കുറച്ചതെങ്കിലും തൊഴിലാളികളുടെകൂടി പ്രശ്നം കണക്കിലെടുത്താണ് ഇത് നാലായിരമായി കുറച്ചത്. പിന്നെ ഒരു 362-ഉം ആ കാലഘട്ടത്തിൽത്തന്നെ തുടങ്ങിയത് ഉണ്ട്. ഈ നയം ഗവൺമെന്റ് പിന്തുടരുന്നതുകൊണ്ട് മുഴുവനും പുനഃസംഘടിപ്പിക്കാൻ സാദ്ധ്യമല്ല എന്ന് വളരെ വിനയസമേതം പറയാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. കെ. കെ. ബാവ]

മി. ചെയർമാൻ: ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ.....ഇതേ വിഷയം സംബന്ധിച്ച് ശ്രീ. കെ. പി. രാജേന്ദ്രനും ശ്രീ. കെ. എ. ചന്ദ്രനും സബ്മിഷൻ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(2) തൃശൂർ ജില്ലയിലെ കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നതിൽ വന്നിട്ടുള്ള പോരായ്മകൾ

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: തൃശൂർ ജില്ലയിലെ 30,000-ത്തോളം ഏക്കർ വിസ്തൃതിയുള്ള കോൾ കാർഷിക മേഖലയിൽ ഇപ്പോൾ മുണ്ടകൻ കൊയ്ത്തു നടന്നു കൊണ്ടിരിക്കുകയാണ്. അടുത്ത മാസം ആകുമ്പോൾ കൊയ്ത്ത് പൂർണ്ണമാകുകയാണ്. കൊയ്തെടുത്ത നെല്ല് വാങ്ങാൻ ഇന്ന് ആരും വരാത്തതുകൊണ്ട് കർഷകർ വലിയ പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണ്. രണ്ടു ദിവസമായി തൃശൂർ ജില്ലയിൽ മഴ പെയ്യുന്നുണ്ട്. മഴയും വെയിലും കൊണ്ട് പാടത്ത് കൂട്ടിയിട്ടിരിക്കുന്ന നെല്ലിന് വളരെയേറെ കേടുപറ്റുന്ന ഒരു സ്ഥിതിവിശേഷം തൃശൂർ ജില്ലയിൽ ഉണ്ടായിരിക്കുന്നു. അത്താണി നെല്ല് സംസ്കരണ സഹകരണ സംഘം, അടാട്ട് ഫാർമേഴ്സ് ബാങ്ക് മറ്റ് ഏഴ് സംഘങ്ങൾകൂടി ചേർന്നുകൊണ്ടാണ് തൃശൂർ ജില്ലയിലെ നെല്ല് സംഭരിക്കുന്നത്. എന്നാൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ വാങ്ങിയ നെല്ലിന്റെ കുടിശ്ശിക കൊടുത്തു തീർക്കാത്തതുകൊണ്ട് ഈ തവണ അവരൊന്നും നെല്ല് വാങ്ങാൻ രംഗത്ത് വരുന്നില്ല. കഴിഞ്ഞ വർഷം നെല്ലിന് ക്വിന്റലിന് 760 രൂപയാണ് സംഭരണ വില നിശ്ചയിച്ചിരുന്നത് ഈ വർഷം 740 രൂപയായി നിശ്ചയിച്ചു. അത് വീണ്ടും 720 രൂപയായി പുതുക്കി നിശ്ചയിച്ചു. ഈ വർഷം പ്രകൃതിക്ഷോഭവും മറ്റ് ചെലവുകളുംകൂടി ഉൽപാദനച്ചെലവ് വളരെയേറെ വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. ഒരു ഏക്കറിന് 15,000 രൂപയോളം ഉല്പാദന ചെലവ് വരുന്ന സന്ദർഭത്തിൽ നെല്ലിന്റെ സംഭരണവില കുറയ്ക്കുകയാണുണ്ടായത്. ഏത് തരത്തിലാണ് വില നിശ്ചയിക്കുന്നതെന്നറിയില്ല. കഴിഞ്ഞ രണ്ടു വർഷമായി വില നിശ്ചയിക്കുന്ന കമ്മിറ്റിയിൽ സർക്കാരിന്റെ പ്രതിനിധികളും കളക്ടറുടേയും കൃഷി വകുപ്പിന്റേയും സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റേയും ഉദ്യോഗസ്ഥൻമാരും മാത്രമാണ് ഉണ്ടായിരുന്നത്. കർഷകരുടെ പ്രതിനിധികളില്ല. എങ്ങനെയാണ് ഈ വില നിശ്ചയിക്കുന്നത് എന്നതിനെക്കുറിച്ച് കർഷകർക്ക് പ്രത്യേകമായ ഒരു വിവരവുമില്ല. നിശ്ചയിക്കുന്ന വിലയ്ക്കനുസരിച്ച് വാങ്ങാൻ ആളില്ല എന്ന ഏറ്റവും വലിയ പ്രതിസന്ധി ഉണ്ടായിരിക്കുന്നു. ഈയടുത്ത കാലത്തായി ഏജൻസികൾ വാങ്ങാൻ വരാത്തതുകാരണം കർഷകർ വലിയ പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നു. കാലടി കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകാര്യ മില്ലുകാർ ഇന്ന് തൃശൂർ ജില്ലയിൽ ചുറ്റിക്കറങ്ങുകയാണ്. 550 മുതൽ 600 രൂപ വരെ അവർ വില നിശ്ചയിക്കുന്നു. ഈ വിലയ്ക്ക് കൊടുക്കാൻ കർഷകർ നിർബന്ധിതരാകുകയാണ്. അങ്ങനെ കൊടുക്കുമ്പോൾ ഒരിക്കലും അവർക്ക് ഉൽപാദന

LIBRARY ARCHIVES Kerala Legislative Assembly